**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2867** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് നിലവിൽ വന്നതിന് ശേഷം അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിന് ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br><br>കേരള ബാങ്കിന്റെ ഏകീകൃതവും ഏറ്റവും നൂതനവുമായ കോർ ബാങ്കിംഗ് സംവിധാനം 2022 ഡിസംബർ മാസത്തോടെ നിലവിൽ വന്നു. ഇതോടെ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ RTGS/NEFT/IMPS, ATM, Micro ATM, NACHമുതലായ ഡിജിറ്റലD] സേവനങ്ങൾ ലഭ്യമാണ്. സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വെവ്വേറെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ നിലവിൽ ലഭ്യമാണ്. ഇതുവഴി ശാഖ സന്ദർശിക്കാതെ തന്നെ വിവിധ ബാങ്കിംഗ് ഇടപാടുകൾ നടത്താൻ കഴിയും. ആവശ്യമായ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് വിദേശ നാണ്യ ഇടപാടുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ ആരംഭിക്കാൻ കഴിയും.<br><br>കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള CASA (കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്.<br><br>സൂക്ഷ്മ ചെറുകിട ഇടത്തര വായ്പാ പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMMAGRA PACS എന്ന വായ്പാ സ്കീം നടപ്പാക്കുന്നുണ്ട്.<br><br>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും തത്തുല്യമായ സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) സ്കീമിൽ നിന്നുള്ള 3% പലിശ സബ്സിഡിയോട് കൂടിയ വായ്പ നൽകി വരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് സഹായകരമാകും. ഈ പദ്ധതി പ്രകാരം 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കേരള ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് തദ്ദേശ സ്ഥാപനങ്ങളും പ്രാഥമിക സംഘങ്ങളും ഒത്തുചേർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ശുപാർശകൾ നൽകുന്നതിന് ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ സമിതിയുടെ പ്രവർത്തനം നടന്നു വരികയാണ്.<br><br>കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്ക് അതിവേഗം എത്തിക്കുന്നതിനായി 2023 നവംബർ 1 മുതൽ ഫെബ്രുവരി 8 വരെ നീണ്ടു നിൽക്കുന്ന 100 ദിന തീവ്ര കർമ പരിപാടി Mission Rainbow 2024 എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തീവ്ര കുടിശ്ശിക നിവാരണം, മികവുറ്റ SMA മാനേജ്മെന്റ്, ഊർജ്ജസ്വലമായ ഡിജിറ്റൽ ബാങ്കിംഗ് ക്യാമ്പയിൻ, CASA ക്യാമ്പയിൻ, അതിവേഗ വായ്പാ വിതരണ ക്യാമ്പയിൻ, ഊർജ്ജിത ഗോൾഡ് ലോൺ ക്യാമ്പയിൻ, PACS/UCB കളുമായി ബഹുതല സംയോജനം എന്നീ 7 മേഖലകൾ കേന്ദ്രീകരിച്ചാണ് 100 ദിന കർമ പദ്ധതി നടപ്പിലാക്കുന്നത് |
| (ബി) | സംസ്ഥാനത്തെ മറ്റ് ബാങ്കുകളോടൊപ്പം മത്സരാധിഷ്ഠിതമായി പ്രവർത്തിക്കുവാൻ കേരള ബാങ്കിനെ എങ്ങനെ പ്രാപ്തമാക്കാൻ കഴിയുമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപങ്ങൾ സ്വീകരിച്ചും ആകർഷകമായ പലിശ നിരക്കിൽ വായ്പകൾ നൽകിയും പുതുതലമുറ ഇടപാടുകാരെ കൂടുതൽ ആകർഷിച്ചുകൊണ്ടും ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ, ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കി സംസ്ഥാനത്തെ മറ്റ് ബാങ്കുകളോടൊപ്പം മത്സരിക്കുന്നതിന് കേരള ബാങ്കിനെ പ്രാപ്തമാക്കിയിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ അഭാവത്തിൽ, | (സി) | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ |

| | | | |
|---|---|---|---|
| | ട്രഷറി ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഫണ്ടുകൾ കേരള ബാങ്ക് മുഖാന്തിരം കൈകാര്യം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് വിശദമാക്കാമോ? | | നിക്ഷേപങ്ങൾ കേരള ബാങ്കിലും നിക്ഷേപിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിലെ വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാവിധ സൗകര്യങ്ങളും കേരള ബാങ്കിൽ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ